## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.845** **06.06.2018-ൽ മറുപടിയ്ക്ക്**

### പട്ടികജാതി പട്ടിക വർഗ മേഖലയിലെ വിദ്യാർത്ഥികൾക്കായുള്ള ആനുകൂല്യങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടിക വർഗ മേഖലയിലെ വിദ്യാർത്ഥികൾക്കായി സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**പട്ടികജാതി വികസന വകുപ്പ്**<br>1. പ്രീ-മെട്രിക് വിദ്യാഭ്യാസ ധനസഹായം<br>2. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ധനസഹായം<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്<br>4. സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്<br>5. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്<br>6. 9,10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ്<br>7. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.<br>8. പ്രഫഷണൽ കോഴ്സുകളടക്കം ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ<br>9. ലാപ്ടോപ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൾ ധനസഹായം<br>10. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾ)<br>11. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ |

മക്കൾക്കുള്ള ആനുകൂല്യം.

12. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.

13. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.

14. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം.

15. പ്രത്യേക പ്രോത്സാഹന സമ്മാനം.

16. ബുക്ക് ബാങ്ക് സ്കീം.

17. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.

18. പ്രീ-മെട്രിക് ഹോസ്റ്റൽ

19. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

20. ഐ.റ്റി.ഐ. കൾ

21. പി.ഇ.റ്റി.സി.

22. CREST

23. നഴ്സറികൾ

24. ICSETS

25. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

26. മെഡിക്കൽ കോളേജ് പാലക്കാട്

27. പഠനമുറി

28. വിദേശപഠനസഹായം

**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നു. പെരിപ്പെ റ്റെറ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു.

പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് **"പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് സ്കീം"** എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തു വരുന്നു.

അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി', കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി',

| | | | |
|---|---|---|---|
| | | | ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാര മുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ്", സമർത്ഥരായ വിദ്യാർത്ഥി കൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള ' പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തി വരുന്നു.<br>പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടു ത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേ യ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തി കവർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെ യുള്ള റ്റി.റ്റി.സി, ബി.എഡ്. പാസ്സായ യുവതി യുവാ ക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്ര ബന്ധു പദ്ധതി ആദ്യ ഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി.<br>വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹനം സൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി പദ്ധതി'യും വകുപ്പ് നടപ്പിലാക്കി വരുന്നു.<br>അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്സുകൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പ രീക്ഷാ പരിശീലനം 'CARSEL' എന്ന സ്ഥാപനം മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) | പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിലെ ഉത്തരവ് പ്രകാരം ഇ-ഗ്രാന്റ്സ് മുഖേന പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് വരുന്നു. ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, എ.ബി.എൽ.സി, ഇംപ്രൂവ്മെന്റ് ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, കണ്ടിജൻസി ഗ്രാന്റ്, പ്രോജക്ട് അലവൻസ്, പോക്കറ്റ് മണി, പേയിംഗ് ഗസ്റ്റ് ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ അർഹതയുള്ളവർക്ക് അനുവദിച്ച വരുന്നുണ്ട്. കോഴ്സിന്റെ ആരംഭത്തിൽ അപേക്ഷ ഓൺലൈനായി സമർപ്പിക്കണം. ഇ-ഗ്രാന്റ്സ് വഴി ആനുകൂല്യം ലഭ്യമാക്കുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് മെരിറ്റ് സീറ്റിലോ, റിസർവേഷൻ സീറ്റിലോ പ്രവേശനം ലഭിക്കുന്നവർക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. അപേക്ഷകന്റെ വാർഷിക വരുമാനം കേരള ഗവൺമെന്റ് നൽകുന്ന സ്കോളർഷിപ്പിന് ബാധകമല്ല. പ്രൈവറ്റ്, സ്വകാര്യ സ്വാശ്രയ സ്ഥാപനത്തിൽ പ്രവേശനം ലഭിക്കുന്നവരും വാർഷിക വരുമാനം 2.5 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയിൽ താഴെയുള്ളവരുമായ എസ്.സി/എസ്.റ്റി വിഭാഗ വിദ്യാർത്ഥിക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് ലഭിക്കുന്നു. ഇതിനുപുറമെ ബി.ടെക് വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുകയും കമ്പ്യൂട്ടർ അധിഷ്ഠിത വിഷയങ്ങൾ പഠിക്കുന്നവർക്ക് ലാപ്ടോപ് നൽകുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**